Alleppey Hospital and Medical aid to the poor.

296. **MR. P. S. MAHOMED** (*Nominated*): Are the Government aware that the poor people of Alleppey experience much difficulty in getting proper medical aid from the Government Hospital?

MR. T. P. RAMASUBBA AIYAR (*Ag. Chief Secretary to Government*): No.

MR. P. S. MAHOMED (*Nominated*): ആശുപത്രി വേണമെന്നുള്ള ജനങ്ങളുടെ സങ്കടങ്ങൾ ഗവണ്മെൻറിന്റെ ദൃഷ്ടിയിൽ കൊണ്ടുവരുന്നതിനുള്ള മാർഗ്ഗങ്ങൾ എന്താണെന്ന ദയവായി പറയുമോ?

MR. T. P. RAMASUBBA AIYAR (*Ag. Chief Secretary to Government*): ജനങ്ങൾ തന്നെ ആശുപത്രിയുടെ ആവശ്യകതയെപ്പറ്റി പരാതി കൊടുക്കാം; മെഡിക്കൽ ഉദ്യോഗസ്ഥന്മാർ സന്ദർശിക്കുന്ന അവസരങ്ങളിൽ അപേക്ഷിച്ചു് ഗവണ്മെൻറിനെ അറിയിക്കാം; നിയമസഭയിൽ ചോദ്യം ചോദിക്കുന്നതുതന്നെ അതിനൊരുമാർഗ്ഗമാണ്. ഇങ്ങിനെ പല പ്രകാരത്തിലും മാർഗ്ഗങ്ങളുണ്ടു്.

MR. P. S. MAHOMED (*Nominated*): കഴിഞ്ഞ പ്രജാസഭയിൽ അമ്പലപ്പുഴ താലൂക്കു മെമ്പർ മി: റെഡ്ഡിയാർ ഇതിനെപ്പറ്റി പ്രതിവാദിച്ചിട്ടുണ്ടോ?

MR. T. P. RAMASUBBA AIYAR (*Ag. Chief Secretary to Government*): സൂക്ഷ്മമായിട്ടറിഞ്ഞുകൂടാ. അങ്ങിനെ പ്രതിവാദിച്ചിരിക്കാം. മെമ്പർ ഇപ്പോൾ പറയുന്നതിനെ വിശ്വസിച്ചു നോട്ടു ചെയ്തിരിക്കുന്നു.

Inspector, Sea Customs, Alleppey.

297. **MR. N. K. KRISHNA PILLAI** (*Neyyattinkara*): With reference to the Inspector, Sea Customs, Alleppey, will the Government be pleased to state:

(*a*) the time during which the present officer has been in that station; and

(*b*) the amount he has drawn from the Government every month on account of overtime work, etc., in addition to his pay and allowance during the above period together with the several items towards which such disbursements were made?

MR. T. P. RAMASUBBA AIYAR (*Ag. Chief Secretary to Government*):

(*a*) Since 10-11-1102.

(*b*) No amount is paid by the Government on account of overtime work, etc.,

MR. N. K. KRISHNA PILLAI (*Neyyattinkara*): The answer to part (*b*) is: "No amount is paid by the Government on account of overtime work, etc." May I know whether any amount is paid over and above the pay of the officer?

LIBRARY ARCHIVES Kerala Legislative Assembly